## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5231** **06.02.2014-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസ് വേദികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) കേരളത്തിൽവച്ച് നടക്കുന്ന ദേശീയ ഗെയിംസിനായി ഓരോ ജില്ലയിലും നിശ്ചയിച്ചിട്ടുള്ള വേദികൾ ഏതെല്ലാമെന്നും അവിടെവച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്ന മത്സരങ്ങളേതെല്ലാമെന്നും വ്യക്തമാക്കാമോ ; | (എ) & | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഓരോ വേദിയുടെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ; | (ബി) | |
| (സി) ഈ വേദികൾ ദേശീയ ഗെയിംസ് ലക്ഷ്യം വച്ച് മാത്രമുള്ളതാണോ എന്നും അതോ ദീർഘകാല ഉപയോഗം ലക്ഷ്യമിട്ടാണോ നിർമ്മിക്കുന്നതെന്നും വ്യക്തമാക്കാമോ ; | (സി) | ഗെയിംസ് സംഘാടനത്തിനായി ലക്ഷ്യമിട്ടുള്ള നിർമ്മാണം/പുനരുദ്ധാരണ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്. ദേശീയ ഗെയിംസിനുശേഷം വേദികൾ പരിപാലിക്കുന്നുതിനായി സ്റ്റേഡിയം മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ദേശീയ ഗെയിംസിന്റെ തീയതി സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി

| ക്രമ നമ്പർ | ജില്ല | സ്റ്റേഡിയം | മത്സരം | നിർമ്മാണ പുരോഗതി |
|---|---|---|---|---|
| 1. | തിരുവനന്തപുരം | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി | തായ്‌കോൺഡോ നെറ്റ്ബോൾ | പ്രധാന സിവിൽ പ്രവൃത്തി 99.5% പൂർത്തിയായി. ഇലക്ട്രിക്കൽ പണികൾ 88% പൂർത്തിയായി. |
| 2. | തിരുവനന്തപുരം | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | ജിംനാസ്റ്റിക്സ്, ഹാൻഡ്ബോൾ | പ്രധാന പ്രവൃത്തി 99% പൂർത്തിയായി. നിലവിലുള്ള സീറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള പണികളും അക്കൊസ്റ്റിക്ക് വർക്കും പൂർത്തിയായി. |
| 3. | തിരുവനന്തപുരം | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ് | ഷൂട്ടിംഗ് | 60% പൂർത്തിയായിട്ടുണ്ട്. 50 മീറ്റർ, 25 മീറ്റർ ഷൂട്ടിംങ് റേഞ്ചിന്റെ സ്ട്രക്ച്ചർ പൂർത്തിയായി. ഷൂട്ടിംങ് റേഞ്ചിലേ ക്കുള്ള പുതിയ റോഡിന്റെ ഫോർമേഷൻ വർക്ക് പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ പണികൾ പുരോഗമിക്കുന്നു. 10 മീറ്റർ ഷൂട്ടിംങ് റേഞ്ചിന്റെ റൂഫ് സ്റ്റീൽ ഫാബ്രിക്കേഷൻ വർക്കുകൾ ആരംഭിച്ചു. |
| 4. | തിരുവനന്തപുരം | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ | ഖോ-ഖോ, കബഡി | ഇലക്ട്രിക്കൽ പണികൾ 60% സിവിൽ പണികൾ 90 ശതമാനവും പൂർത്തിയായി. പണി പുരോഗമിക്കുന്നു. |
| 5. | തിരുവനന്തപുരം | പിരപ്പൻകോട് നീന്തൽക്കുളം | അക്വാട്ടിക്സ് സ്വിമ്മിംഗ്, വാട്ടർ പോളോ | 95% പൂർത്തിയായി. രണ്ടു മാസത്തിനുള്ളിൽ പൂർത്തീകരിക്കും. |

| | | | | |
|---|---|---|---|---|
| 6. | തിരുവനന്തപുരം | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, മൂക്കുന്നിമല | ട്രാപ് ആന്റ് സ്കീറ്റ് | മൂക്കുന്നിമലയിൽ അനുയോജ്യമായ സ്ഥലം ഡിഫൻസ് അധികൃതരുടെ സൗകര്യാർത്ഥം കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണാനുമതിക്കായി പ്രതിരോധ മന്ത്രാലയത്തിൽ കത്തയച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. |
| 7. | തിരുവനന്തപുരം | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം | അത്‌ലറ്റിക്സ് | ആദ്യം നിശ്ചയിച്ച പ്രവൃത്തി 100% പൂർത്തിയായി. അധികമായി ചെയ്യേണ്ടി വരുന്ന പണികളിൽ സിവിൽ വർക്ക് 50% പൂർത്തിയായി. ഫ്ളഡ് ലൈറ്റ് സംവിധാനത്തിനുള്ള കരാർ ഒപ്പിട്ടു. എച്ച്.റ്റി. കണക്ഷനുമായി ബന്ധപ്പെട്ട് കേബിൾ ഇടുന്ന പണി പുരോഗമിക്കുന്നു. പ്രവൃത്തികളെല്ലാം 4 മാസത്തിനകം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| 8. | തിരുവനന്തപുരം | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം | ടെന്നീസ് | പ്രധാന പ്രവൃത്തി 25% പൂർത്തിയായി. സിന്തറ്റിക് ഫ്ളോറിംഗിനായുള്ള റീ ടെണ്ടർ ക്യാൻസൽ ചെയ്തു. വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 9. | തിരുവനന്തപുരം | ശംഖുമുഖം ഇൻഡോർ ഹാൾ (ഐ.ആർ.സി) | വുഷു | 100% പൂർത്തിയായി. |
| 10. | തിരുവനന്തപുരം | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം | അത്‌ലറ്റിക്സ് വാം അപ്, സൈക്കിൾ പോളോ | പ്രധാന പ്രവൃത്തി 90% പൂർത്തിയായി. സ്റ്റേഡിയത്തിന്റെ ഔട്ടർ ഡ്രെയിനിന്റെ പണി 90% വും നാചറൽ ടർഫിന്റെ പണി 85% വും പൂർത്തിയായി. സിന്തറ്റിക്ക് ട്രാക്കിന്റെ സബ്ബെയിസിനു വേണ്ടിയുള്ള പണികൾ പുരോഗമിക്കുന്നു. |
| 11. | തിരുവനന്തപുരം | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം | ഉദ്ഘാടന – സമാപന ചടങ്ങുകൾ | പ്രവൃത്തി 58% പൂർത്തിയായി. |

| | | | | |
|---|---|---|---|---|
| 12. | തിരുവനന്തപുരം | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം | സ്ക്വാഷ് | പ്രധാന പ്രവൃത്തി 75% പൂർത്തിയായി. സ്പോർട്സ് ഫ്ളോറിംഗിനും, വാൾ പ്ലാസ്റ്ററിംഗിനുമായുള്ള എഗ്രിമെന്റ് വച്ചു. ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിക്കുന്നു. |
| 13. | തിരുവനന്തപുരം | എൽ.എൻ.സി.പി.ഇ കാര്യവട്ടം, തിരുവനന്തപുരം | സൈക്കിളിംഗ് | സൈക്കിൾ വെലോഡ്രോമിന്റെ നവീകരണ പ്രവൃത്തികൾ 24.12.2013 ന് തുടങ്ങിയിട്ടുണ്ട്. പഴയ സർഫേസ് മാറ്റി പുതിയ കോൺക്രീറ്റ് സർഫേസ് ചെയ്യേണ്ടതുണ്ട്. ഈ പ്രവൃത്തികൾ സി.പി.ഡബ്ല്യു.ഡി. മുഖാന്തിരമാണ് ചെയ്യുന്നത്. |
| 14. | കൊല്ലം | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം | റഗ്ബീ സെവൻസ് | പ്രവൃത്തികൾ 100% പൂർത്തിയായി. |
| 15. | കൊല്ലം | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം | ഹോക്കി | പ്രധാന പ്രവൃത്തി 65% പൂർത്തിയായി. സ്റ്റേഡിയം മണ്ണിട്ട് ഉയർത്തുന്ന പ്രവർത്തി 75% പൂർത്തിയായി. മണ്ണ് എടുക്കുന്നതിനുള്ള പെർമിറ്റ് ലഭ്യമാകാൻ കാലതാമസം വരുന്നതിനാൽ പ്രസ്തുത പണി തടസ്സപ്പെട്ടിരിക്കുന്നു. കോംമ്പൗണ്ട് വാൾ നിർമ്മാണത്തിനും ഹോക്കി ടർഫിനുമായുള്ള കരാർ ഒപ്പിട്ടു. ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിക്കുന്നു. |
| 16. | എറണാകുളം | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി | ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് | പ്രധാന പ്രവൃത്തി 35% പൂർത്തിയായി. അക്വസ്റ്റിക്ക് പണി, മേപ്പിൾ വുഡ് ഫ്ളോറിംഗ് എന്നിവയ്ക്കായുള്ള കരാർ ഒപ്പിട്ടു. എയർകണ്ടീഷനിംഗ് പ്രവർത്തികൾ പുരോഗമിക്കുന്നു. |
| 17. | എറണാകുളം | ലോൺ ബൗൾ കോർട്ട്, സിയാൽ, എറണാകുളം | ലോൺബൗൾ | 27.12.2013ൽ കോൺട്രാക്റ്ററുമായി എഗ്രിമെന്റ് ഒപ്പിട്ട് പ്രവർത്തികൾ ആരംഭിച്ചു. 3 മാസത്തിനകം പ്രവർത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | | | | |
|---|---|---|---|---|
| 18. | തൃശ്ശൂർ | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | ജൂഡോ, വെയ്റ്റ് ലിഫ്റ്റിംഗ് | പ്രധാന പ്രവൃത്തി 100% പൂർത്തിയായി. അക്വസ്റ്റിക് പണി പൂർത്തീകരിച്ചു, മേപ്പിൾ വുഡ് ഫ്ളോറിംഗ് പൂർത്തിയായി. കോമ്പൗണ്ട് വാൾ ഉൾപ്പെടെയുള്ള അധികം പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുണ്ട്. |
| 19. | തൃശ്ശൂർ | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ | വനിതാ ഫുട്ബോൾ | പ്രധാന പ്രവൃത്തി 65% പൂർത്തിയായി. സിന്തറ്റിക് ടർഫിന്റെ പണി പൂർത്തിയായി വരുന്നു. ഇലക്ട്രിക്കൽ വർക്ക് ആരംഭിച്ചു. |
| 20. | തൃശ്ശൂർ | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ | ബോക്സിംഗ് | അക്വസ്റ്റിക്സ് പ്രവർത്തികൾ പുരോഗമിക്കുന്നു. അറ്റകുറ്റ പണികൾ 25% പൂർത്തിയായി |
| 21. | കോഴിക്കോട് | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട് | പുരുഷ ഫുട്ബോൾ | പ്രധാന പ്രവൃത്തി 100% പൂർത്തിയായി. സിന്തറ്റിക് ട്രാക്കിന്റേയും ടർഫിന്റേയും പണി പുരോഗമിച്ചു വരുന്നു (50%). ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിക്കുന്നു. |
| 22. | കോഴിക്കോട് | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | വോളിബോൾ, സെപാക് താക്റെ | പണി പൂർത്തീകരിച്ചു |
| 23. | കോഴിക്കോട് | കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് | പുരുഷ ഫുട്ബോൾ | പ്രധാന പ്രവർത്തികൾ 60% പൂർത്തിയായി. ഇലക്ട്രിക്കൽ പണികൾ 35% പൂർത്തിയായി. നാച്ചറൽ ടർഫിംഗിന്റെ പണി പുരോഗമിച്ചു വരുന്നു. |
| 24. | കണ്ണൂർ | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട് | ബാസ്ക്കറ്റ്ബോൾ, ഗുസ്തി | പ്രധാന പ്രവർത്തികൾ - സിവിൽ പ്രവർത്തികൾ 90% പൂർത്തിയായി. ഇലക്ട്രിക്കൽ പ്രവർത്തികൾ 60% പൂർത്തീകരിച്ചു. കോമ്പൗണ്ട്‌വാൾ, സബ്സ്റ്റേഷൻ, പ്രവർത്തികൾ പുരോഗമിക്കുന്നു. മേപ്പിൾവുഡ് ഫ്ളോറിംഗിനായുള്ള കരാർ ഒപ്പിട്ടു. അക്വാസ്റ്റിക്സ് പണികളുടെ ടെണ്ടർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ